**പോലീസ് വകുപ്പ്**

**കേരളം**

**No.M5-222266/2022/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 16-09-2023

**സർക്കുലർ. 12/2023/പി എച്ച് ക്യൂ**

വിഷയം : പോലീസ് വെൽഫയർ ബ്യൂറോ - വിരമിച്ച / വിരമിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ലൈഫ് ടൈം മെമ്പർഷിപ്പ് - പുതുക്കിയ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന : 1.21.07.2023 തീയതിയിലെ സർക്കുലർ നമ്പർ 10/2023/പി.എച്ച്.ക്യൂ .
2.22.08.2023 തീയതിയിൽ പോലീസ് ആസ്ഥാനത്ത് വച്ച് നടന്ന PWB മീറ്റിംഗ് മിനുട്സ്, തീരുമാനം നമ്പർ11.(No. M5-36641/2023/PHQ, തീയതി 01.09.2023)

വിരമിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സൂചന ഒന്ന് ഉത്തരവ് പ്രകാരം നിലവിൽ വന്ന പോലീസ് വെൽഫയർ ബ്യൂറോ ലൈഫ് ടൈം മെമ്പർഷിപ്പ് സംവിധാനത്തിലെ മെമ്പർഷിപ്പ് തുകയുടെ സ്ലാബുകളിൽ മാറ്റം വേണമെന്ന് പോലീസ് പെൻഷനേഴ്സ് സംഘടനകൾ അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം 22.08.2023 ൽ പോലീസ് ആസ്ഥാനത്ത് വച്ച് നടന്ന പോലീസ് വെൽഫയർ ബ്യൂറോയുടെ യോഗത്തിൽ ചർച്ച ചെയ്യുകയും ലൈഫ് ടൈം മെമ്പർഷിപ്പ് തുകയുടെ സ്ലാബുകൾ പുനഃക്രമീകരിക്കുന്നതിനും ചികിത്സാ ധനസഹായം സംബന്ധിച്ച ചില കൂട്ടി ചേർക്കലുകൾ വരുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. ടി തീരുമാനമനുസരിച്ച് സൂചന ഒന്നിലെ സർക്കുലറിൽ താഴെപ്പറയുന്ന മാറ്റങ്ങൾ/ കൂട്ടി ചേർക്കലുകൾ വരുത്തി ഉത്തരവാകുന്നു.

| | | |
|---|---|---|
| a. | 01.08.2023 ന ശേഷം സർവീസിൽ നിന്നും വിരമിക്കുന്നവർ | Rs.10000/- |
| b. | 01.08.2023 ന മുൻപ് സർവീസിൽ നിന്നും വിരമിച്ചവർ - 56 വയസ്സിനു മുകളിൽ 66 വയസു വരെ | Rs.8000/- |
| c. | 66 വയസ്സിനു മുകളിൽ 76 വയസു വരെ | Rs.5000/- |
| d. | 76 വയസ്സിനു മുകളിൽ | Rs.2000/- |

ലൈഫ് ടൈം മെമ്പർഷിപ്പ് ഉള്ള വിരമിച്ച സേനാംഗങ്ങളുടെ അപേക്ഷയും ബില്ലുകളും പരിശോധിച്ച് ഗുരുതരമായ അസുഖങ്ങൾക്ക് പരമാവധി ഇരുപത്തിഅയ്യായിരം രൂപ വരെയും (പരമാവധി 2 തവണ) അതിഗുരുതരമായ അസുഖങ്ങൾക്ക് പരമാവധി അൻപതിനായിരം രൂപ വരെയും (ഒറ്റ തവണ) ചികിത്സാ ധനസഹായമായി അനുവദിക്കുന്നതാണ്.

പഴയ സ്ലാബ് പ്രകാരം മെമ്പർഷിപ്പ് തുക ഒടുക്കിയവരിൽ അധിക തുക ഒടുക്കിയിട്ടുള്ളവർക്ക് ടി തുക തിരികെ ലഭിക്കുന്നതിനായി പണം ഒടുക്കിയപ്പോൾ ലഭിച്ച രസീതിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് വിവരം എന്നിവ സഹിതം തുക ഒടുക്കിയ യൂണിറ്റ് മുഖാന്തിരം അപേക്ഷ നൽകേണ്ടതാണ്.

സൂചന ഒന്നിലെ സർക്കുലറിൽ പരാമർശിക്കുന്ന മറ്റു വിവരങ്ങൾ മാറ്റമില്ലാതെ തുടരുന്നതാണ്.

എച്ച് വെങ്കിടേഷ് ഐപിഎസ്
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്

സ്വീകർത്താവ് : ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ, എല്ലാ യൂണിറ്റ് മേധാവികൾക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കായി.
KPPA,KSPPWA എന്നീ പെൻഷൻ സംഘടനകളുടെ സംസ്ഥാന ഭാരവാഹികൾക്ക് .

M5-222266/2022/PHQ 9decc6

പകർപ്പ് : പോലീസ് വെൽഫയർ ബ്യൂറോയുടെ ചെയർമാൻ, സെക്രട്ടറി, മറ്റ് അംഗങ്ങൾക്ക്.
സംസ്ഥാന പോലീസ് മേധാവി,എ.ഡി.ജി.പി എച്ച്.ക്യൂ,ഐ.ജി.പി എച്ച്.ക്യൂ, എ ഐ ജി എന്നിവരുടെ സി എമാർക്ക് അറിവിലേക്ക്.
കാഷ്യർ, പോലീസ് ആസ്ഥാനത്തിന് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി ഓർഡർ രജിസ്റ്റർ